**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നം.3901**

**21.06.2019 ൽ**
**മറുപടിയ്ക്ക്**

## യുവജനങ്ങളെ മാനവികതയിലേക്ക് നയിക്കുന്നതിന് പ്രോജക്റ്റുകൾ

**ചോദ്യം**

**ശ്രീ.സജി ചെറിയാൻ**

**മറുപടി**

**ശ്രീ.ഇ.പി.ജയരാജൻ**
**(ബഹു.വ്യവസായവും, സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | യുവജനങ്ങളെ ഇടുങ്ങിയ ജാതി-മത-വർഗ്ഗീയ ചിന്താഗതിയിൽ തളച്ചിടാതെ മുഖ്യധാര തലത്തിൽ രാഷ്ട്രീയ വികസന ചിന്തയിലേക്കും മാനവികതയിലേക്കും നയിക്കുന്നതിന് യുവജനക്ഷേമ ബോർഡ് നടപ്പിലാക്കുന്ന പ്രോജക്റ്റുകൾ ഏതെല്ലാമാണെന്ന് വിശദാമാക്കാമോ ? | | സ്വാതന്ത്ര്യത്തിന്റെ നാനാർത്ഥത്തെക്കുറിച്ച് വിപുലമായ ചർച്ചകൾക്ക് വഴി തുറക്കുക, അഭിപ്രായ സ്വാതന്ത്ര്യത്തിനും ആവിഷ്കാര സ്വാതന്ത്ര്യത്തിനും ഊന്നൽ നൽകിക്കൊണ്ട്, സമൂഹത്തിൽ വളർന്നുവരുന്ന അസഹിഷ്ണുതയ്ക്കെതിരെയും ജാതി-മത-വർഗ്ഗീയ ചിന്താഗതികൾക്കെതിരെയും അവബോധം സൃഷ്ടിക്കുക തുടങ്ങിയ സന്ദേശങ്ങൾ പ്രചരിപ്പിച്ചുകൊണ്ട് 2018 മെയ് 4 മുതൽ 14 വരെ തിരുവനന്തപുരത്ത് നിന്ന് ആരംഭിച്ച് കാസർഗോഡ് വരെ 'ആർട്ട് ഡി ടൂർ 'എന്ന പേരിൽ സാംസ്കാരിക സന്ദേശ ജാഥ യുവജനക്ഷേമ ബോർഡ് സംഘടിപ്പിക്കുകയുണ്ടായി.<br><br>സമൂഹത്തിൽ നിലനിൽക്കുന്ന അനാചാരങ്ങൾക്കും യഥാസ്ഥികത്വത്തിനും, കുടിലതകൾക്കുമെതിരെ യുവതലമുറയെ സജ്ജമാക്കുക, നവോത്ഥാനമൂല്യങ്ങൾ സംരക്ഷിക്കുക എന്നീ ലക്ഷ്യങ്ങളോടെ നവോത്ഥാന ജാഥകൾ, സാംസ്കാരിക കൂട്ടായ്മകൾ എന്നിവ സംഘടിപ്പിച്ചു വരുന്നു.. സ്വാമി വിവേകാനന്ദന്റെ ജന്മദിനമായ ജനുവരി 12 ന് യൂത്ത് ക്ലബ്ബുകളുടെ സഹകരണത്തോടെ ജില്ലകളിൽ സാംസ്കാരിക സദസ്സുകൾ സംഘടിപ്പിക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ